(ബി) പ്രസ്തുത നയം നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസിയായ സാമൂഹ്യനീതി വകുപ്പിൽ ഒരു ജെന്റർ സെൽ രൂപീകരിച്ചിട്ടുണ്ട്. പോളിസി നടപ്പാക്കുന്നതിന്റെ ഭാഗമായി പ്ലാനിംഗ്, ബഡ്ജറ്റ് ആന്റ് ആഡിറ്റ് എന്നിവയെക്കുറിച്ചുള്ള വിശദമായ നിർദ്ദേശങ്ങളടങ്ങിയ ജെന്റർ മാന്വൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നയം നടപ്പാക്കുന്നതിന് പ്രധാന പങ്ക് വഹിക്കുന്ന വകുപ്പ് മേധാവികളുടെ യോഗം വിളിച്ചുകൂട്ടുകയും 2016-17 കാലയളവിൽ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ആക്ഷൻപ്ലാൻ തയ്യാറാക്കുന്നതിനുള്ള ടെയിനിംഗ് ജെന്റർ സെല്ലിന്റെ ആഭിമുഖ്യത്തിൽ നടത്തുകയും ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിന് സമൂഹത്തെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി 'തുല്യനീതി നല്ല നാട്' എന്ന സന്ദേശം ഉൾക്കൊള്ളുന്ന പോസ്റ്റർ സാമൂഹ്യനീതി വകുപ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

വയോജന സംരക്ഷണം

262 (3469) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച്എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഒറ്റപ്പെട്ട് കഴിയുന്ന വയോജനങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കുമോ ?

ഉത്തരം

(എ) വയോജനങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി Department of Community Medicine-നുവേണ്ടി ഒരു Qualitative Study (2012-13)-യും Centre for Development Studies ഒരു Quantitative Study-യും നടത്തിയിട്ടുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പിൻകീഴിൽ ഗവൺമെന്റിന്റെ 12 വൃദ്ധസദനങ്ങളും 4 വികലാംഗ വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നു. ഒറ്റപ്പെട്ട് കഴിയുന്ന വയോജനങ്ങൾക്ക് ഈ സ്ഥാപനങ്ങളിൽ താമസിക്കുവാൻ താൽപ്പര്യമുണ്ടെങ്കിൽ അവിടെ വന്ന് താമസിച്ചാൽ താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി ലഭിക്കുന്നതാണ്.

സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യസുരക്ഷാ മിഷൻ എന്നിവ വഴി വയോമിത്രം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 65 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് നഗര

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിൽ മൊബൈൽ ക്ലീനിക്കും വൈദ്യ സഹായവും മരുന്നും സൗജന്യമായി നൽകുന്നു. കിടപ്പുരോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോം കെയർ നൽകുന്നു. ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടുപോകുന്നതിനും തിരിച്ചുകൊണ്ടുപോകുന്നതിനും സൗജന്യ ആംബുലൻസ് സേവനം നൽകുന്നു. വയോജനങ്ങൾക്കാവശ്യമായ വിവരങ്ങൾ നൽകുന്നതിന് വയോമിത്രം ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കുന്നു. പദ്ധതി ഇപ്പോൾ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത്.

വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ഭാരതീയ ചികിത്സാവകുപ്പുമായി സഹകരിച്ച് ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിത്സ നൽകിവരുന്നു. വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു റെഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നതിനായുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ

263 (3470) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ ജസ്റ്റീസ് ഡിപ്പാർട്ട്മെന്റിൽ സി :ഡി .പി.ഒ. തസ്തികയിൽ നിന്ന് കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്ര പ്രൊമോഷൻ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രൊമോഷനെ തുടർന്ന് സി.ഡി.പി.ഒ. തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) പ്രൊമോഷൻ നടന്ന അത്രയും ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഒൻപത് പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) എട്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഒരു ഒഴിവിലേക്ക് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 29-6-2015-ലെ OA (EKM) No. 960/14-നേലുള്ള വിധിന്യായത്തിന് വിധേയമായി 7-11-2015-ലെ G.O.(Rt) No. 663/2015/SJD സർക്കാർ ഉത്തരവുപ്രകാരം നിയമനം നൽകിയിട്ടുണ്ട്.

GPM. 2/244/2020-43

LIBRARY ARCHIVES Kerala Legislative Assembly